(സി) മാനേജ്മെന്റ് സ്റ്റാഫടക്കം 18 ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(ഡി, ഇ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം എടുത്തിട്ടില്ല.

കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ

125 [2601] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ പ്രോജക്ട് മാനേജരുടെ തസ്തിക എന്നാണ് സൃഷ്ടിച്ചത്;

(ബി) പ്രസ്തുത തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത, നിയമനരീതി, ശമ്പള സ്കെയിൽ എന്നിവ വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഗവൺമെന്റിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ശമ്പള പരിഷ്കരണത്തിൽ പ്രോജക്ട് മാനേജരുടെ ശമ്പളസ്കെയിൽ നിശ്ചയിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇപ്പോൾ, പ്രോജക്ട് മാനേജർ വാങ്ങുന്ന ശമ്പള സ്കെയിൽ ഏതു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ കോർപ്പറേഷനിലെ പ്രോജക്ട് മാനേജർ തസ്തിക സൃഷ്ടിച്ചതിലും ശമ്പളം നൽകുന്നതിലും അഴിമതിയും നിയമരാഹിത്യവും ഉണ്ടെന്നുള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോർപ്പറേഷന്റെ 31-ാം ഭരണസമിതിയുടെ 367-ാം തീരുമാനപ്രകാരം റീജിയണൽ ഓഫീസറുടെ തസ്തിക അപ്ഗ്രേഡ് ചെയ്ത് പ്രോജക്ട് മാനേജർ തസ്തിക സൃഷ്ടിച്ചു. ആയത് 30-11-1998-ലെ ജി.ഒ. (ആർടി.) 1102/98/ഐ.ഡി. പ്രകാരം സർക്കാർ സാധൂകരിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള കോർപ്പറേഷന്റെ സർവ്വീസ് ചട്ടപ്രകാരം താഴെപ്പറയുന്നവയാണ് ഈ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയും നിയമനരീതിയും. പ്രധാനമായും റീജിയണൽ മാനേജരുടെ പ്രമോഷൻ തസ്തികയായിട്ടാണ് പ്രോജക്ട് മാനേജർ തസ്തിക നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ യോഗ്യത മെക്കാനിക്കൽ/ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് ഇൻഡസ്ട്രിയൽ എൻജിനീയറിംഗ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമ കൂടാതെ ബന്ധപ്പെട്ട മേഖലയിൽ 10 വർഷത്തെ പ്രവൃത്തി പരിചയം/റീജിയണൽ ഓഫീസറായി 10 വർഷത്തെ സേവനം. ഇവരുടെ അഭാവത്തിൽ നേരിട്ട് നിയമനം നടത്താം. അതിനു യോഗ്യത ഇനി പറയുംപ്രകാരമാകുന്നു:

മെക്കാനിക്കൽ/ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് ഇൻഡസ്ട്രിയൽ എൻജിനീയറിംഗിൽ ബിരുദവും 10 വർഷം പരിചയവും അല്ലെങ്കിൽ മേൽപ്പറഞ്ഞ ട്രേഡുകളിൽ ഏതെങ്കിലും ഡിപ്ലോമയും 15 വർഷത്തെ പരിചയവും. തസ്തികയുടെ ഇപ്പോളത്തെ ശമ്പളസ്കെയിൽ 10000-15150 ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) 20-7-2000-ലെ ജി.ഒ.(ആർടി.) 838/2000/ഐ.ഡി. പ്രകാരം 2650-4200 എന്ന സ്കെയിൽ ആയിരുന്ന പ്രോജക്ട് മാനേജരുടെ ശമ്പളസ്കെയിൽ 3000-5000 ആയി പരിഷ്ക്കരിച്ചു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ഇ) ഇക്കാര്യത്തെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ഒന്നും സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

126 [2602] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ കടബാധ്യത എത്രയാണ്; ഈ സംഖ്യ ആർക്കൊക്കെ കൊടുത്തു തീർക്കുവാനുള്ളതാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്റ്റാറ്റ്യൂട്ടറി ആയിട്ടുള്ള ബാധ്യതകൾ എത്രയാണ്;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷനും കാപ്പക്സിനുമായി സർക്കാർ ഏതൊക്കെ സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ സംഖ്യ ഏതൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കോർപ്പറേഷന്റെയോ കാപ്പക്സിന്റെയോ കൈവശം തോട്ടണ്ടിയുണ്ടോ; അത് ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) കശുവണ്ടി കുത്തക സംഭരണം ഇല്ലാതായതുമുതൽ പ്രതിസന്ധി ആരംഭിച്ചിരുന്നുവെന്നത് ശരിയാണോ; എങ്കിൽ കശുവണ്ടി സംഭരണം സർക്കാർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) അന്താരാഷ്ട്ര മാർക്കറ്റിൽ കശുവണ്ടി പരിപ്പിന്റെ നിലവാരം എങ്ങനെയാണെന്നും കയറ്റുമതിയിൽ ഇപ്പോഴത്തെ നമ്മുടെ നിലവാരം എങ്ങനെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷൻ ഗവൺമെന്റിന് നൽകുവാനുള്ള തുക കൂടാതെ ബാങ്കുകൾക്ക് ഉദ്ദേശം 125 കോടി രൂപ നൽകുവാനുണ്ട്. കൂടാതെ കെ.എം.എം.എൽ.-ൽനിന്നും വായ്പയായി വാങ്ങിയ 7.4 കോടി രൂപയും കശുവണ്ടി ഇറക്കുമതി ചെയ്ത ഇനത്തിൽ 661532.98 യു.എസ്. ഡോളറും (ഏകദേശം 3 കോടി രൂപ) നൽകുവാനുണ്ട്.

(ബി) കോർപ്പറേഷനിൽനിന്നും 1997 വർഷം മുതൽ 2002 ഡിസംബർ വരെ റിട്ടയർ ചെയ്തിട്ടുള്ള ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകാൻ ഏകദേശം 17.5 കോടി രൂപ ബാധ്യതയുള്ളതാണ്. ഇതിലേയ്ക്ക് ഗവൺമെന്റ് 3 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 1997-98 വർഷത്തെ പർച്ചേസ് ടാക്സ് ഇനത്തിൽ 55.21 ലക്ഷം രൂപയും

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly